**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 259** **08-08-2023 - ൽ മറുപടിയ്ക്ക്**

**വിദേശത്ത് പഠിച്ച മെഡിക്കൽ ബിരുദക്കാരുടെ ഇന്റേൺഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ മെഡിക്കൽ കമ്മീഷന്റെ പുതിയ നിർദ്ദേശപ്രകാരം വിദേശത്ത് പഠിച്ച മെഡിക്കൽ ബിരുദക്കാരുടെ ഇന്റേൺഷിപ്പ് മെഡിക്കൽ കോളേജുകളിൽ മാത്രമേ നടത്താവൂ എന്ന് പരിമിതപ്പെടുത്തിയിട്ടുണ്ടോ; ജില്ലാ ആശുപത്രികളിൽ ഇന്റേൺഷിപ്പ് നടത്തുന്നതിന് അനുമതിയുണ്ടോ; ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (എ) | **ദേശീയ മെഡിക്കൽ കമ്മീഷന്റെ 21.09.2022 ലെ U-155024/19/2022-UGMEBനമ്പർ പബ്ലിക് നോട്ടീസ് പ്രകാരം വിദേശത്ത് പഠിച്ച മെഡിക്കൽ ബിരുദധാരികളുടെ ഇന്റേൺഷിപ്പ് മെഡിക്കൽ കോളേജുകളിൽ മാത്രമേ നടത്താനാകുമായിരുന്നുള്ളൂ.എന്നാൽ, 09.05.2023-ലെ U-15024/01/2022-UGMEB നമ്പർ സർക്കുലറിലെ നിർദ്ദേശ പ്രകാരം മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ചിട്ടുള്ള ജില്ലാ ആശുപത്രി ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലും ടി സർക്കുലർ തീയതി മുതൽ ഒരു വർഷംവരെ ഒറ്റത്തവണയായി ഇന്റേൺഷിപ്പ് അനുവദിക്കാവുന്നതാണ്.** |

സെക്ഷൻ ഓഫീസർ